159
10/1/13

(1)

# മലപ്പുറം മദ്യ ദുരന്തം
# അന്വേഷണ കമ്മീഷൻ

# ഫൈനൽ റിപ്പോർട്ട്

കമ്മീഷൻ ഓഫ് എൻക്വയറി

എം. രാജേന്ദ്രൻ നായർ
റിട്ട. ജില്ലാ ജഡ്ജി

## സംക്ഷിപ്ത വിവരണം - പ്രസക്ത ഭാഗം

### നിഗമനങ്ങൾ

മദ്യ ദുരന്തം ഉണ്ടായത് മലപ്പുറം ജില്ലയിൽ തിരൂർ, കുറ്റിപ്പുറം, കാളികാവ് എക്സൈസ് റേഞ്ചിൽപ്പെട്ട യഥാക്രമം ബീരാൻചിറ, കുറ്റിപ്പുറം, പേരശ്ശന്നൂർ, വാണിയമ്പലം എന്നീ കള്ളുഷാപ്പുകളിലാണ്. ദുരന്തം ഉണ്ടായത് 2010 സെപ്റ്റംബർ മാസം 4, 5, 6, 7 തീയതികളിലാണ്. മദ്യദുരന്തത്തിൽ വാണിയമ്പലം കള്ളുഷാപ്പിൽ നിന്നും മദ്യപിച്ച പത്ത് പേരും, കുറ്റിപ്പുറം മദ്യഷാപ്പിൽ നിന്നും മദ്യപിച്ച ആറുപേരും, പേരശന്നൂർ കള്ള് ഷാപ്പിൽ നിന്നും മദ്യപിച്ച അഞ്ച് പേരും, ബീരാൻചിറ കള്ള്ഷാപ്പിൽ നിന്നും മദ്യപിച്ച അഞ്ച് പേരും ഉൾപ്പെടെ ആകെ 26 പേരാണ് മരണപ്പെട്ടത്. അതിൽ കുറ്റിപ്പുറം മദ്യഷാപ്പിൽ നിന്നും വ്യാജകള്ള് കുടിച്ച് മരിച്ച ഒരാളെ തിരിച്ചറിഞ്ഞിട്ടില്ല. ഇതു കൂടാതെ ആറു പേർക്ക് പൂർണ്ണമായും, ആറ് പേർക്ക് ഭാഗികമായും കാഴ്ച ശക്തി നഷ്ടപ്പെട്ടു.

മദ്യദുരന്തം ഉണ്ടായത് ദ്രവ്യൻ ബിനാമി ആയി നടത്തിയിരുന്ന ബീരാൻചിറ, കുറ്റിപ്പുറം, പേരശ്ശന്നൂർ കള്ളുഷാപ്പ്കളിലും മൃദ്യുൽമോഹൻ തുടങ്ങിയവർ ബിനാമി ആയി നടത്തിയിരുന്ന വാണിയമ്പലം കള്ളുഷാപ്പിലുമാണ്.

കുറ്റിപ്പുറം, പേരശ്ശന്നൂർ കള്ളുഷാപ്പുകളിലെ യഥാർത്ഥ ലൈസൻസികൾ എൻ. ബാലകൃഷ്ണനും ഉണ്ണികൃഷ്ണനുമാണ്. ബീരാൻചിറ ഷാപ്പിന്റെ ലൈസൻസികൾ ലക്ഷ്മണൻ, രാജൻ, രാമചന്ദ്രൻ, വിജയനുണ്ണി എന്നിവർ ആണ്. വാണിയമ്പലം കള്ളുഷാപ്പിന്റെ ലൈസൻസികൾ സുബ്രഹ്മണ്യനും രാമദാസുമാണ്. കുറ്റിപ്പുറം കള്ളുഷാപ്പ് ദ്രവ്യന്റെ പറമ്പിലും, പേരശ്ശന്നൂർ കള്ളുഷാപ്പ് ഗംഗാധരൻ നായരുടെ പറമ്പിലും ബീരാൻചിറ കള്ളുഷാപ്പ് മണിയുടെ പറമ്പിലും, വാണിയമ്പലം കള്ളുഷാപ്പ് ബിനാമികളുടെ തന്നെ പേരിലും ഉള്ള പറമ്പിലുമാണ് പ്രവർത്തിച്ചിരുന്നത്.

ലൈസൻസികളെ മുൻനിർത്തി അവരുടെ അറിവോടെ ബിനാമികൾ ടീ ഷാപ്പുകൾ നടത്തിയിരുന്നതും സർക്കാരിലേക്ക് ലൈസൻസി ഫീ, വൃക്ഷ കരം തുടങ്ങിയവ ബിനാമികൾ അടച്ചിട്ടുള്ളതുമാണ്.

ടി ഷാപ്പുകൾ എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ പൂർണ്ണ അറിവോടെ ബിനാമികൾ നടത്തിയിട്ടുള്ളതാണ്. കുറ്റിപ്പുറം കള്ള്ഷാപ്പ് എക്സൈസ് റേഞ്ച് ആഫീസിൽ നിന്നും കഷ്ടിച്ച് 200 മീറ്റർ അകലത്തിൽ പ്രവർത്തിച്ചിരുന്നതാണ്. മദ്യവ്യവസായ രംഗത്ത് പ്രവർത്തിച്ചിരുന്ന ദ്രവ്യനേയും മൃദുൽമോഹനനേയും ബന്ധപ്പെട്ട എക്സൈസ് സർക്കിളിലേയും, റേഞ്ചുകളിലേയും എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് മുൻപരിചയമുള്ളവരാണ്. ദ്രവ്യ

നിൽ നിന്നും 495 ലിറ്റർ സ്പിരിറ്റ് 2002 ൽ പിടിച്ചതിനെ തുടർന്ന് 16.12.2008 ൽ പാലക്കാട് ജില്ലാ കോടതി മൂന്ന് വർഷത്തെ കഠിനതടവിനും ഒരു ലക്ഷം രൂപ പിഴയും ശിക്ഷ നൽകിയിട്ടുണ്ട്. കൂടാതെ അതിനുശേഷം അയാളിൽ നിന്നും തൊള്ളായിരത്തിലധികം സ്പിരിറ്റ് പിടിച്ച കേസ്സ് നിലവിലുള്ളതാണ്. അയാൾ ലൈസൻസ് കിട്ടാൻ അയോഗ്യനായിരുന്നു. മലപ്പുറം ജില്ലയോട് ചേർന്നുള്ള പട്ടാമ്പിയിൽ നടുവട്ടത്ത് ദ്രവ്യന്റെ ഉടമസ്ഥതയിലുള്ള പറമ്പിൽ നിന്ന് കള്ള് മായം കലർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നിരുന്നതും, അതിന് ഉപയോഗിച്ച ഉപകരണങ്ങളും മറ്റും മദ്യദുരന്തത്തെ തുടർന്ന് പോലീസ് പിടിച്ചെടുത്തിട്ടുള്ളതുമാണ്. ബിനാമികൾ പ്രവർത്തിപ്പിച്ചിരുന്ന ഷാപ്പുകളിൽ മാത്രമാണ് മദ്യദുരന്തം ഉണ്ടായത്.

ഗ്രൂപ്പുകളായി കള്ളുഷാപ്പുകൾ ലേലം ചെയ്തു കൊടുത്തതിനാൽ യഥാർത്ഥ ലൈസൻസികൾക്ക് അവരുടെ ഗ്രൂപ്പിൽപ്പെട്ട എല്ലാ ഷാപ്പുകളും പ്രവർത്തിപ്പിക്കാൻ കഴിയാതെ വരുകയും, അത് ബിനാമികൾ നടത്താൻ ഇടയായിട്ടുള്ളതുമാണ്. 20.8.2010 ലെ ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേണ്ട കരുതൽ നടപടികൾ എടുക്കാത്തതും മദ്യദുരന്തത്തിന് കാരണമായി.

ബിനാമികൾ അമിതലാഭം ഉണ്ടാക്കുന്നതിനുവേണ്ടി കള്ളിൽ സ്പിരിറ്റും മറ്റ് രാസപദാർത്ഥങ്ങളും കലർത്തി ഗുണ്ട്, സുനാമി, മണവാട്ടി, എട്ടടിവീരൻ, സ്പീഡ് എന്നീ പേരുകളിൽ മായം കലർത്തിയ കള്ള് ദീർഘനാളായി വിറ്റിരുന്നത് തടയാൻ എക്സൈസ് ഉദ്യോഗസ്ഥന്മാർ ശുഷ്കാന്തി കാണിക്കാത്തതും ദുരന്തത്തിന് ഇടയാക്കി. ചിറ്റൂരിൽ നിന്നും കൊണ്ടു വരുന്ന കള്ള് വീര്യം കുടിയത് ആയിരുന്നുവെന്ന് ആരോപണം ഉണ്ടെങ്കിലും മദ്യദു

രന്തത്തിന് ഇടയാക്കിയത് അവിടെ നിന്നും കൊണ്ടുവന്ന കള്ള് കുടിച്ചല്ലായെന്ന് വ്യക്തമാണ്. കാരണം ചിറ്റൂരിൽ നിന്നും കള്ള് കണ്ണൂർ ഒഴികെയുള്ള വിവിധ ജില്ലകളിലേക്ക് കൊണ്ടുപോയി കള്ളുഷാപ്പുകൾ വഴി വിറ്റിരുന്നു. ചിറ്റൂർ കള്ള് കുടിച്ചാണ് ആളുകൾ മരിച്ചതെങ്കിൽ വിവിധ ജില്ലകളിലും മലപ്പുറത്തു തന്നെ മറ്റ് കള്ള്ഷാപ്പുകളിലും മദ്യദുരന്തം ഉണ്ടാകുമായിരുന്നു. ബിനാമികൾ നടത്തിയ കള്ള്ഷാപ്പുകളിൽ മാത്രമാണ് ദുരന്തം ഉണ്ടായതെന്ന വസ്തുത മേല്പടി നിഗമനം സ്ഥിരീകരിക്കുന്നു.

അങ്കമാലിയിൽ കെംടെക് എന്ന പെയിന്റ് നിർമ്മാണ സ്ഥാപനം പ്രവർത്തച്ചിരുന്നു. പെയിന്റും, വാർണിഷും മറ്റും ഉണ്ടാക്കുന്നതിനായി ടി സ്ഥാപനം ഇരുപത് ബാരൽ സ്പിരറ്റ് കോയമ്പത്തൂരിലുള്ള ഗാട്ടേൽ പട്ടേൽ ട്രാൻസ്പോർട്ടിംഗ് കമ്പനി വഴി വരുത്തുകയുണ്ടായി. അതിൽ പതിനൊന്ന് ബാരൽ സ്പിരറ്റ് മാത്രം അവർ ഡെലിവറി എടുത്തിരുന്നു. ബാക്കി ഒമ്പത് ബാരൽ സ്പിരിറ്റ് ഉപയോഗശൂന്യമായതിനാൽ കമ്പനി ടെലിവറി എടുത്തില്ല. ആയത് ദ്രവ്യൻ, മൃദുൽമോഹൻ എന്നിവർ പൊന്നൂട്ടൻ, രാജൻ എന്നിവർ വഴി വാങ്ങിയ സ്പിരിറ്റ് കള്ളിൽ കലർത്തി ടി ഷാപ്പുകൾ വഴി വിറ്റത് കുടിച്ചാണ് ആളുകൾ മരിക്കാൻ ഇടയായതും കുറേപ്പേരുടെ കാഴ്ച ശക്തി നഷ്ടപ്പെടാൻ ഇടയായതും. മദ്യദുരന്ത വിവരം അറിഞ്ഞ് ടിയാൻമാർ വാങ്ങിയ ശേഷിച്ച സ്പിരിറ്റും മറ്റ് ആളുകൾ വാങ്ങിയ സ്പിരിറ്റും നശിപ്പിച്ചിട്ടുള്ളതാണ്. ടി സ്പിരിറ്റിൽ മാരകമായ ഡയസാഫാമും, മീഥൈയിൽ ആൾക്കഹോളും കലർന്നിരുന്നുവെന്ന് രാസ പരിശോധനയിൽ തെളിഞ്ഞിട്ടുള്ളതാണ്. കൂടാതെ മരിച്ചവരുടെ പോസ്റ്റ്മാർട്ടം സർട്ടിഫിക്കറ്റുകളിൽ മീഥൈൽ ആൾക്കഹോൾ കുടിച്ചാണ് ആളുകൾ മരിക്കാൻ ഇടയായതെന്ന് വ്യക്തമാക്കുന്നുണ്ട്.

20.8.2010 ലെ ഇന്റലിജൻസ് റിപ്പോർട്ടിൽ മലപ്പുറം ജില്ലയിലും മറ്റും വീര്യം കൂടിയ കള്ള് വിറ്റിരുന്നതായി വ്യക്തമാക്കുന്നുണ്ട്. സ്പിരറ്റ് കലർന്ന കള്ളും മലപ്പുറം ജില്ലയിലെ വിവിധ ഷാപ്പുകളിൽ വില്പന നടത്തിയിരുന്നുവെന്ന് ഇന്റലിജൻസ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. അതിന് കമ്മിഷൻ മുമ്പാകെ മലപ്പുറം ജില്ലയിലെ വിവിധ കള്ള് ഷാപ്പുകളിൽ വിറ്റിരുന്നതായി വ്യക്തമായ തെളിവ് ലഭിച്ചിട്ടുണ്ട്. എന്നാൽ മായം കലർന്ന കള്ള് മദ്യ ദുരന്തത്തിനു മുമ്പ് വിറ്റിരുന്നതായി രാസപരിശോധനാ റിപ്പോർട്ടു ലഭിച്ചിട്ടില്ല. ഇതിൽ നിന്നും സാമ്പിൾ എടുത്ത് രാസപരിശോധനയ്ക്ക് അയച്ചിരുന്നത് ശുദ്ധമായ കള്ളിൽ നിന്നാണെന്ന് അനുമാനിക്കാം. ഇക്കാരണം കൊണ്ടും 2008-2012 ലെ ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മായം കലർന്ന കള്ള് വിൽക്കുന്നതിന് ബന്ധപ്പെട്ട എക്സൈസ് സർക്കിൾ, റേഞ്ച് ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കാതിരുന്നതുകൊണ്ടും ഇന്റലിജൻസ് യൂണിറ്റിലെ പ്രവന്റീവ് ഓഫീസരന്മാർ ബിനാമികൾ കള്ളുഷാപ്പ് നടത്തുന്ന വിവരം റിപ്പോർട്ടു ചെയ്യാത്തതുകൊണ്ടും മുൻപറഞ്ഞ കാരണങ്ങളാലും മദ്യദുരന്തം ഉണ്ടായത് ബന്ധപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ വീഴ്ചകൊണ്ടാണെന്ന് വ്യക്തമായിട്ടുണ്ട്.

മദ്യദുരന്തം ഒരു രാഷ്ട്രീയ അട്ടിമറി ആയിരുന്നില്ല മറിച്ച് ബിനാമികളുടെ അമിത ലാഭമോഹവും, ബന്ധപ്പെട്ട എക്സൈസ് സർക്കിളുകളിലേയും റേഞ്ചുകളിലേയും എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ വീഴ്ചകൾ കൊണ്ടും സംഭവിച്ചിട്ടുള്ളതാണ്.

ബിനാമികളും ചില എക്സൈസ് ഉദ്യോഗസ്ഥന്മാരുമായി അവിഹിത

ബന്ധം ഉണ്ടായിരുന്നുവെന്ന് തെളിവ് ഉള്ളതാണ്. ആയതിനെപ്പറ്റി ബന്ധപ്പെട്ട വകുപ്പിനെ കൊണ്ട് അന്വേഷിപ്പിച്ച് നടപടി എടുക്കേണ്ടതാണ്.

<u>ശുപാർശകൾ :-</u> ബിനാമികളെ ഒഴിവാക്കാൻ ഗ്രൂപ്പായി ഷാപ്പുകൾ ലേലം ചെയ്യുന്ന രീതി നിർത്തേണ്ടതാണ്. തൊഴിലാളികളുടെ സഹകരണ സംഘം വഴിയൊ, സർക്കാർ നിയന്ത്രിത ഏജൻസി വഴിയൊ ശുദ്ധമായ കള്ള് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബിനാമികൾ കള്ള് ഷാപ്പുകൾ നടത്തുന്നില്ലായെന്ന് ഉറപ്പ് വരുത്താൻ ലൈസൻസികൾ ഓരോ മൂന്നു മാസം കൂടുമ്പോഴും സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിക്കേണ്ടതും ആയതിന്റെ നിജസ്ഥിതി ബന്ധപ്പെട്ട പ്രിവന്റീവ് ഓഫീസറന്മാരും, റേഞ്ച് ഇൻസ്പെക്ടറന്മാരും, സർക്കിൾ ഇൻസ്പെക്ടറന്മാരും പരിശോധിച്ച് ബിനാമികൾ ഷാപ്പു നടത്തുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഷാപ്പ് നടത്തുന്നതിനെപ്പറ്റി എന്തെങ്കിലും പരാതിയുണ്ടോയെന്ന് മനസ്സിലാക്കുന്നതിനായി ബന്ധപ്പെട്ട ഒരു എക്സൈസ് ഉദ്യോഗസ്ഥനെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്മിറ്റി മീറ്റിംഗിങ്ങിൽ മാസത്തിൽ ഒരു തവണയെങ്കിലും പങ്കെടുക്കേണ്ടതാണ്. കൂടാതെ കള്ള്ഷാപ്പുകളുടെ നടത്തിപ്പിലുള്ള അപാകതകൾ ടി കമ്മിറ്റികൾ രേഖാമൂലം എക്സൈസ് ഉദ്യോഗസ്ഥന്മാരെ അറിയിക്കേണ്ടതും, കൂടാതെ ട്രേഡ് യൂണിയൻ നേതാക്കന്മാർ ടി വിവരം ബന്ധപ്പെട്ട ഉന്നത എക്സൈസ് ഉദ്യോഗസ്ഥന്മാരെ അറിയിക്കേണ്ടതുമാണ്.

ഇന്നത്തെ രാസപരിശോധനാ സമ്പ്രദായം മദ്യദുരന്തം ഒഴിവാക്കാൻ

പര്യാപ്തമല്ല. ഓരോ ജില്ലയിലും മൊബൈൽ ലാബറട്ടറി സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ കള്ള് പരിശോധനക്ക് ശേഷം വിതരണം ചെയ്യുന്നതിനുള്ള സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.

നമ്മുടെ സംസ്ഥാനത്തേക്ക് സ്പിരറ്റ് കള്ളക്കടത്ത് തടയേണ്ടതാണ്. അങ്ങനെ ചെയ്തില്ലായെങ്കിൽ മായംകലർന്ന കള്ളുവില്പനയും മായം കലർന്ന ഇൻഡ്യൻ നിർമ്മിത വിദേശ മദ്യ വിപണനവും തുടരുന്നതും അത് വിപത്തുകൾക്കും ദുരന്തങ്ങൾക്കും വഴിതെളിയിക്കുന്നതുമാണ്.

മദ്യദുരന്തത്തിൽ മരണപ്പെട്ടവർ വളരെ പാവപ്പെട്ടവരാണ്. അവരുടെ കുടുംബത്തിലെ ഏതെങ്കിലും ഒരംഗത്തിന് സർക്കാർ സർവ്വീസിൽ ജോലി കൊടുക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു.

റവന്യു പോലീസ് ഉദ്യോഗസ്ഥന്മാരും എക്സൈസ് ഉദ്യോഗസ്ഥന്മാരും വ്യാജമദ്യവില്പന തടയുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും, സംയുക്ത പരിശോധന കൂടുതൽ കാര്യക്ഷമമായി നടത്തേണ്ടതുമാണ്.

എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകളും കൗൺസിലിംഗ് സെന്ററുകളും സ്ഥാപിക്കേണ്ടതും അതുവഴി മദ്യ ഉപയോഗം നിരുത്സാഹപ്പെടുത്തേണ്ടതുമാണ്.

കള്ളും ചെത്തു തൊഴിലാളിക്ഷേമനിധി ഇൻസ്പെക്ടറന്മാർ കള്ള് ഷാപ്പുകൾ ആര് പ്രവർത്തിപ്പിക്കുന്നുവെന്ന് അന്വേഷിച്ച് അറിഞ്ഞശേഷം മാത്രമേ വെൽഫെയർ ഫണ്ടിലേക്ക് തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകാവൂ. അതിനെ സംബന്ധിച്ച് ഓരോ മൂന്നുമാസം കൂടുമ്പോഴും ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർക്ക് റിപ്പോർട്ട് അയക്കേണ്ടതാണ്.

ഓരോ കള്ള്ഷാപ്പിന്റേയും പരിധിയിൽ ചുരുങ്ങിയത് ചെത്തുന്നതിനായി അൻപത് തെങ്ങുകളെങ്കിലും ലഭ്യമാക്കേണ്ടതാണ്.

ഒരാളിന്റെ കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് ഒരു ലിറ്റർ ആയി നിജപ്പെടുത്തിയാൽ മദ്യത്തിന്റെ പുനർവില്പന തടയാൻ കഴിയുന്നതാണ്.

ബിനാമികൾ ~~കഷ്ഷ്~~ കള്ള് ഷാപ്പുകൾ മലപ്പുറം ജില്ലയുൾപ്പെടെ പല ജില്ലകളിലും നടത്തുന്നതും ആയത് തടയുന്നതിനുവേണ്ടി അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതുമാണ്.

നീരയുടെ ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

എക്സൈസ് ഓഫീസുകൾ നവീകരിക്കേണ്ടതും, എക്സൈസ് ഓഫീസുകളിലേക്ക് ആവശ്യമുള്ള വാഹനങ്ങൾ, ഫർണിച്ചറുകൾ, സ്റ്റേഷനറി ഉപകരണങ്ങൾ തുടങ്ങിയവ ആവശ്യാനുസരണം ലഭ്യമാക്കേണ്ടതാണ്.

ചെക്ക്പോസ്റ്റുകളിൽ സ്കാനിംഗ് സമ്പ്രദായം അനിവാര്യമായി ഏർപ്പെടുത്തേണ്ടതാണ്.

ചില എക്സൈസ് ഉദ്യോഗസ്ഥന്മാർ മാസപ്പടി പറ്റുന്നതായി പരാതിയുള്ളതും ആയതിനെപ്പറ്റി ബന്ധപ്പെട്ട വകുപ്പിനെകൊണ്ടും അന്വേഷിപ്പിച്ച് വേണ്ട നടപടി സ്വീകരിക്കേണ്ടതുമാണ്.

മലപ്പുറം മദ്യദുരന്തത്തിലെ യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നതിന് വേണ്ട രീതിയിൽ അന്വേഷണം നടത്തിയ ഡി.വൈ.എസ്.പി. മാരായ സർവ്വശ്രീ വി.ജി.കുഞ്ഞനും, എം.പി. മോഹനചന്ദ്രനും കമ്മീഷന്റെ പ്രവർത്തനത്തിന് വേണ്ട സഹായം നൽകിയ എക്സൈസ് ഇൻസ്പെക്ടർ പീതാം

ബരനും പ്രിവന്റീവ് ഓഫീസർ ജോർജ്ജിനും, മാധ്യമപ്രവർത്തകർക്കും കമ്മീഷൻ റിപ്പോർട്ടിലൂടെ അഭിനന്ദനം രേഖപ്പെടുത്തിയിട്ടുണ്ട്.

മദ്യപാന ആസക്തിയും മയക്കുമരുന്നിന്റെ ഉപയോഗവും നമ്മുടെ ജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങളിൽ കൂടി വരുന്നതും ആയത് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കും കുടുംബ കലഹങ്ങൾക്കും ലൈംഗിക കുറ്റകൃത്യങ്ങൾക്കും ഇടവരുത്തുന്നു. ഇതു തടയുന്നതിന് വേണ്ട നടപടികൾ അനിവാര്യമായി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ദൈവത്തിന്റെ സ്വന്തം നാടെന്ന് നമ്മൾ അവകാശപ്പെടുന്ന നമ്മുടെ സംസ്ഥാനം ചെകുത്താന്റെ സ്വന്തം നാടെന്ന് നമ്മുടെ ഭാവി തലമുറയ്ക്ക് പറയേണ്ടിവരും.

| | | |
|---|---|---|
| ആകെ സിറ്റിംഗ് | – | 78 |
| സാക്ഷികൾ | – | 436 |
| രേഖകൾ | – | 221 |